മുക്കുപണ്ടം പണയപ്പെടുത്തി പണം തട്ടിയ കേസിൽ ഒരാൾ അറസ്റ്റിൽ. തൃക്കാരിയൂർ എരമല്ലൂർ വലിയാലിങ്കൽ വീട്ടിൽ അനസ് (അൻസാർ 53) നെയാണ് എടത്തല പോലീസ് അറസ്റ്റ് ചെയ്തത്. ചൂണ്ടി ഭാഗത്തുള്ള മണിലൈൻ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിലെ ജീവനക്കാരെ തെറ്റിദ്ധരിപ്പിച്ച് സ്വർണ്ണ നിറത്തിലുള്ള കൈചെയിൻ പണയപ്പെടുത്തി അമ്പതിനായിരം രൂപ ആദ്യം തട്ടിയെടുത്തു. വീണ്ടും സ്വർണ്ണ നിറത്തിലുള്ള മാല പണയപ്പെടുത്താനുള്ള ശ്രമത്തിനിടയിലാണ് പ്രതിയെ പിടികൂടിയത്.